പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3354 — 21.12.2012-ലെ മറുപടിയ്ക്ക്

# ''തനിമ പദ്ധതി '

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തനിമ പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്, നാടൻ കാർഷിക വിഭവങ്ങളായ **(Ethnic Vegetables)** കാച്ചിൽ, ചേമ്പിൻ താള്, ചേന തണ്ട്, നനകിഴങ്ങ്, മധുരക്കിഴങ്ങ്, ചക്ക, ശീമചക്ക, അഗത്തി ചീര, മുരിങ്ങയില, വാഴക്കൂമ്പ്, വാഴപ്പിണ്ടി, മരച്ചീനി, പപ്പായ തുടങ്ങിയ നാടൻ വിഭവങ്ങൾ കർഷകന് ന്യായവില ഉറപ്പ് വരുത്തി ഗുണഭോക്താക്കൾക്ക് ന്യായവിലക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ തനിമ എന്ന പേരിൽ ഒരു പദ്ധതിക്ക് ഹോർട്ടികോർപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) തനിമ പദ്ധതിയിലൂടെ നാടൻ കാർഷിക വിഭവങ്ങൾ ലഭ്യമാക്കുന്നതിനു പുറമെ വിഷവിമുക്തമായ പച്ചക്കറികളും, പഴവർഗ്ഗങ്ങളും വിപണിയിൽ ലഭ്യമാക്കുക എന്നതാണ് തനിമ പദ്ധതിയുടെ ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) തനിമ പദ്ധതി ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) സംസ്ഥാനമൊട്ടാകെ ഇത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) തനിമ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷമേ പദ്ധതി മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.